തിരുവനന്തപുരം കോർപ്പറേഷന്റെ സമഗ്രമായ വികസനത്തിന് എന്ത് ത്യാഗം സഹിക്കാനും നമ്മൾ തയ്യാറാണ്. അതുകൊണ്ട് അന്തിമമായ തീരുമാനം എടുക്കുമ്പോൾ നമുക്ക് പരസ്പരം ആശയ വിനിമയം നടത്താം. അതിന്റെ അടിസ്ഥാനത്തിൽ എന്താണോ നല്ലത് ആ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

ശ്രീ. പിരപ്പൻകോട് മുരളി: മന്ത്രി പറഞ്ഞത് ഏറെ ആശ്വാസകരമാണ്. പക്ഷേ അടിസ്ഥാനപരമായ ചില വിഷയങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. കുറഞ്ഞ ജനസംഖ്യ പത്ത് ലക്ഷമെങ്കിലും ഉണ്ടായിരിക്കണം എന്നുള്ളതാണ് മെട്രോ നഗരമാക്കാനുള്ള മിനിമം ക്വാളിഫിക്കേഷൻ. അങ്ങ് പറഞ്ഞല്ലോ ഗ്രാമവികസനം നഷ്ടപ്പെടുമോ എന്ന ആശങ്കയുണ്ടെന്ന്. അത് ശരിയല്ല. വസ്തുതകൾ പരിശോധിച്ചാൽ മനസ്സിലാകും. ഏറ്റവും അവസാനം പഞ്ചായത്തുകൾ ആയിരുന്ന സമയത്തുള്ള വികസന പ്രവർത്തനവും അതിനുശേഷം നഗരത്തോട് കൂട്ടിച്ചേർത്തപ്പോൾ കഴിഞ്ഞ അഞ്ച് വർഷം നടത്തിയ വികസന പ്രവർത്തനവും കൂട്ടിച്ചേർത്താൽ ഒന്നര ഇരട്ടി വ്യത്യാസമുണ്ട്. പിന്നെ അത് രാഷ്ട്രീയ പ്രശ്നമായി കാണരുതെന്ന് പറയാൻ കാരണം ഇത് ഏതെങ്കിലും പ്രത്യേക രാഷ്ട്രീയ താത്പര്യമല്ല. കേരളത്തിൽ മെട്രോ നഗരമുണ്ടാക്കാൻ സാധിക്കുന്നത് തിരുവനന്തപുരത്ത് മാത്രമാണ്. കോവളം എന്നുപറയുന്നതാണ് വിഴിഞ്ഞം പഞ്ചായത്ത്. ഇത് നഗരത്തേക്കാൾ ഡെവലപ്പ് ചെയ്ത പ്രദേശമാണ്. വെറും ഗ്രാമം മാത്രമല്ല. സീപോർട്ട്, എയർപോർട്ട്, മറ്റ് ഇൻഫ്രാസ്ട്രക്ചർ തുടങ്ങിയവയ്ക്ക് മെട്രോ നഗരത്തിന് കിട്ടുന്ന സഹായം മറ്റൊരിടത്തുനിന്നും കിട്ടുകയില്ല. രാഷ്ട്രീയമാക്കാതെ പ്രധാനമന്ത്രി പ്രഖ്യാപിച്ചിട്ടുള്ള തീരുമാനം അതേ സ്പിരിറ്റിൽ മാനിക്കാൻ തയ്യാറാണെന്ന് അങ്ങ് പറഞ്ഞതിൽ സന്തോഷമുണ്ട്. അങ്ങനെയാകട്ടെ എന്ന് ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഇത് രാഷ്ട്രീയ പ്രശ്നം എന്നുള്ള രീതിയിൽ കാണേണ്ട കാര്യമില്ല. അങ്ങനെ ഒരു തെറ്റിദ്ധാരണ വേണ്ട. ജനസംഖ്യ പത്ത് ലക്ഷത്തിനുമേൽ എക്സീഡ് ചെയ്താൽ ഉടൻ മെട്രോ സിറ്റിയാക്കുകയില്ല. അതുകൂടി കാണണം. ഡെൻസിറ്റി ഓഫ് പോപ്പുലേഷൻ അതിന്റെ ഒരു മാനദണ്ഡമാണ്. പക്ഷേ ഏറ്റവും നല്ലത് എന്താണെന്ന് നോക്കിയിട്ട് നമുക്ക് കൂട്ടായി ആലോചിച്ച് ഒരു തീരുമാനമെടുക്കുന്നതിന് വീണ്ടും ഒരു കൺസിഡറേഷൻ ആവാം.

(2) തോട്ടം തൊഴിലാളികളുടെ സേവന-വേതന കരാർ പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ

ശ്രീ. പി. ജെ. ജോയി: ലക്ഷക്കണക്കിന് വരുന്ന തോട്ടം തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിക്കുന്നതിന്റെ കാലാവധി കഴിഞ്ഞിട്ട് മൂന്ന് വർഷം പിന്നിടുകയാണ്. 2002 മാർച്ച് 31 ന് കാലാവധി കഴിഞ്ഞതാണ്. മൂന്ന് വർഷത്തിലൊരിക്കൽ കൂലി പുതുക്കി നിശ്ചയിക്കേണ്ടതാണ്. ഫലത്തിൽ അടുത്ത ഘട്ടം കൂലി പുതുക്കി നിശ്ചയിക്കേണ്ട സമയമായിട്ടും ഇതുവരെ അതിൻമേൽ തീർപ്പുണ്ടാക്കാൻ പ്ലാന്റേഷൻ ലേബർ കമ്മിറ്റിക്ക് കഴിഞ്ഞിട്ടില്ല. തേയില, കാപ്പി, കാർഡമം, റബ്ബർ എന്നീ ഇനങ്ങളിലെ കൂലിയാണ് പ്ലാന്റേഷൻ ലേബർ കമ്മിറ്റി കൂടി തീരുമാനമെടുക്കേണ്ടത്. തോട്ടം മേഖലയിലെ ഇനങ്ങൾക്കൊന്നും വിലയില്ലെന്ന് പറഞ്ഞ് കൂലിപുതുക്കി നിശ്ചയിക്കാത്ത സാഹചര്യമാണ് പലപ്പോഴുമുള്ളത്. കഴിഞ്ഞ കാലങ്ങളേക്കാളൊക്കെ മെച്ചപ്പെട്ട വിലനിലവാരം ഇന്ന് സാധനങ്ങൾക്കുണ്ട്. പ്രത്യേകിച്ച് റബ്ബറിന്. ആ

LIBRARY ARCHIVES Kerala Legislative Assembly

നിലയിലായിട്ടുപോലും സ്റ്റാറ്റ്യൂട്ടറിയായി കൊടുക്കേണ്ട പി. എഫ്., ഇ. എസ്. ഐ. തുടങ്ങിയ ആനുകൂല്യങ്ങളൊന്നും കൊടുക്കുന്നില്ല. അതോടൊപ്പം തന്നെ ഗ്രാറ്റ്യുവിറ്റി കൊടുക്കേണ്ട തൊഴിലാളികൾക്ക് അതും കൊടുക്കുന്നില്ല. അത് മാത്രമല്ല, ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി മുൻകൈയെടുത്ത് തോട്ടം ഉടമകളുടേയും തൊഴിലാളി പ്രതിനിധികളുടേയും യോഗം വിളിച്ച് ചേർത്ത് പി.എൽ.സി. അംഗങ്ങളുടെ സാന്നിധ്യത്തിൽ അഞ്ച് രൂപ ഇടക്കാലാശ്വാസം നൽകാൻ തീരുമാനിച്ചു. ഇടക്കാലാശ്വാസ പ്രഖ്യാപനം 2004 സെപ്റ്റംബർ മാസം 23-ാം തീയതിയാണുണ്ടായത്. ആ ഇടക്കാലാശ്വാസം പോലും പല സ്വകാര്യ തോട്ടം ഉടമകളും നൽകിയിട്ടില്ല. പൊതുമേഖലാ സ്ഥാപനങ്ങളിലൊക്കെ അത് നൽകിക്കഴിഞ്ഞിട്ടുണ്ട്. അന്ന് ഇടക്കാലാശ്വാസമായി തീരുമാനിച്ച 5 രൂപ ഇപ്പോൾ കൊടുക്കുന്നു. ഒരു മാസത്തിനുള്ളിൽ കൂലി പുതുക്കി നിശ്ചയിക്കുന്നതിന് ഉത്തരവ് ഉണ്ടാകും എന്ന് പറയുകയുണ്ടായി. രണ്ട് മാസം കഴിഞ്ഞു. പ്ലാന്റേഷൻ ലേബർ കമ്മിറ്റിയാണ് ഇതിൽ ഒരു തീരുമാനമെടുക്കേണ്ടത്. രണ്ട് മാസം കഴിഞ്ഞാണ് നവംബർ 17-ന് കമ്മിറ്റി വിളിച്ച് ചേർത്തത്. പിന്നീട് ജനുവരിയിൽ വീണ്ടും കൂടി. കൂടിയപ്പോഴൊക്കെ കാർഡമം, തേയില ഇനങ്ങളിൽ ഡി. എ. കൊടുക്കേണ്ട ചർച്ചകളല്ലാതെ കൂലി വർദ്ധിപ്പിക്കേണ്ട ചർച്ച ഈ രംഗത്ത് ഇതുവരെ നടന്നിട്ടില്ല. ഇപ്പോൾ സ്വാഭാവികമായും റബ്ബറിനും കാർഡമത്തിനുമൊക്കെ വളരെ മെച്ചപ്പെട്ട വില കിട്ടുന്ന സന്ദർഭത്തിൽ അത്തരം തോട്ടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കെങ്കിലും കൂലി പുതുക്കി നിശ്ചയിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. സർക്കാർ മുൻകൈയെടുത്ത് കൂലി പുതുക്കി നിശ്ചയിക്കാൻ ഈ നിലയിൽ മൂന്നോട്ട് വരണം. ഇതിനുമുൻപ് പല പ്രീ-ഇൻസിഡൻസും ഉണ്ടായിട്ടുണ്ട്. ശ്രീ. ആര്യാടൻ മുഹമ്മദ് തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന സന്ദർഭത്തിലൊക്കെ പലപ്രാവശ്യം ചർച്ചകൾ നടന്നിട്ടും കൂലി വർദ്ധനവിന് തീരുമാനമാകാത്ത പശ്ചാത്തലത്തിൽ ഗവൺമെന്റ് നോട്ടിഫിക്കേഷനിലൂടെ കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആ നിലയിൽ അല്ലാതെ പി.എൽ.സി. യിൽ ഇതിന് ഒരു സമവായം ഉണ്ടാക്കിയതിനുശേഷം അങ്ങനെ ഒരു കൂലി നിശ്ചയിക്കുന്ന സാഹചര്യം ഉണ്ടാക്കാൻ സാധ്യമല്ല. കാരണം ഉടമകൾ സമ്മതിക്കില്ല. ഇപ്പോൾ ഉടമകൾക്ക് വലിയ നേട്ടം ഇല്ലെന്നാണ് പറയുന്നത്. നേട്ടം ഉണ്ടായ കാലത്ത് കൂലി കൂട്ടി കൊടുത്തിട്ടില്ലല്ലോ; അതുകൊണ്ട് ഇതിന് ഏറ്റക്കുറച്ചിൽ ഉണ്ടാകാം. ഈ തൊഴിലാളികൾക്ക് ന്യായമായി, സ്റ്റാറ്റ്യൂട്ടറിയായി കൊടുക്കേണ്ട ആനുകൂല്യവും കൂലി വർദ്ധനവും കാലോചിതമായി കൂട്ടിക്കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. അവർ ഇതിന് തയ്യാറാകുന്നില്ലെങ്കിൽ നോട്ടിഫിക്കേഷനിലൂടെ അതിന് ഗവൺമെന്റ് മുൻകൈയെടുത്ത് തീരുമാനമുണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പ് മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ ഗൗരവമായ പ്രശ്നമാണ്. കഴിഞ്ഞ പ്രാവശ്യം മിനിമം കൂലി നിശ്ചയിച്ചതിന്റെ കാലാവധി തീർന്നത് 2002 ലാണ് അതിനുശേഷം നിരവധി തവണ ഇത് ഒരു സമവായത്തിലൂടെ പുതുക്കി നിശ്ചയിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ഇതിനകം ഇരുപത് തവണ പി.എൽ.സി കൂടിയിട്ടുണ്ട്. പക്ഷേ പ്ലാന്റേഷൻ മേഖലയിൽ നിലനിൽക്കുന്ന വിലയിടിവും അതിനെത്തുടർന്നുണ്ടായിട്ടുള്ള പ്രശ്നങ്ങളുമൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

കാരണം ഇത് നീണ്ടുപോയി. റബ്ബറിനും, തേയിലയ്ക്കും, അതുപോലെ ഏലത്തിനും, കുരുമുളകിനും വിലകുറഞ്ഞ് നിന്ന ഘട്ടത്തിലാണ് ഇതിന്റെ കാലാവധി തീർന്നത്. അപ്പോൾത്തന്നെ അതിനെക്കുറിച്ചുള്ള ചർച്ചകൾ ആരംഭിച്ചു. നിലവിലിരിക്കുന്ന ഈ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ കൂലി പുതുക്കുന്നത് ഇപ്പോൾ തൊഴിലാളികൾക്കും തൊഴിൽ ഉടമകൾക്കും ഗുണകരമല്ല എന്നുള്ള സമീപനമാണ് ഗവൺമെന്റ് എടുത്തത്. കാരണം ഇത്രയും വിലയിടിവ് നിൽക്കുമ്പോൾ കൊടുക്കാൻ കഴിയുന്ന കപ്പാസിറ്റി നോക്കിയിട്ടാണ് മിനിമം വേജസ് തീരുമാനിക്കുന്നത് എന്നാണ് തൊഴിൽ ഉടമകളുടെ വാദം. ഉടമകളുടെ സംഘടന അവർക്ക് കരാർ തീർന്ന സ്ഥിതിക്ക് പുതിയ ഉൽപാദനക്ഷമതയുടെ അടിസ്ഥാനത്തിൽ കൂലി പുതുക്കി നിശ്ചയിക്കുന്നതിന് ഡയറക്ഷൻ കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പെറ്റീഷൻ ഫയൽ ചെയ്തു. പക്ഷെ തുടർന്നുള്ള ചർച്ചകളുടെ ഫലമായി ആ പെറ്റീഷൻ പിൻവലിക്കാനും അതിനെത്തുടർന്ന് ഇടക്കാലാശ്വാസം നൽകാനും ആവശ്യമായ നടപടികൾ സ്വീകരിക്കാനും ഗവൺമെന്റിന് കഴിഞ്ഞു. പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ജനുവരി മാസത്തിൽ ചേർന്ന് ഇക്കാര്യങ്ങളെ സംബന്ധിച്ച് വളരെ ഗൗരവമായ ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഒരു സമവായത്തിലൂടെ അങ്ങനെ ഒരു കൂലി പുതുക്കി നിശ്ചയിക്കാൻ കഴിയില്ല. സാധാരണ നടന്നുവരുന്ന പ്രൊസീഡ്യുവർ അതാണ്. പി.എൽ.സി.യിൽ ഒരു ധാരണ ഉണ്ടായതിനുശേഷം അത് ഗവൺമെന്റ് നോട്ടിഫിക്കേഷനായി, മിനിമം വേജസായി പ്രഖ്യാപിക്കുന്ന നടപടിക്രമമാണ് സാധാരണ സ്വീകരിച്ചു വരുന്നത്. അപൂർവ്വമായിട്ടെങ്കിലും ഒരു സമവായത്തിലെത്താൻ കഴിയാത്ത സാഹചര്യത്തിൽ നിയമപരമായ അവകാശം ഉപയോഗിച്ചുകൊണ്ട് ഒരു നോട്ടിഫിക്കേഷൻ മെത്തേഡിലൂടെ ഗവൺമെന്റിന് മിനിമം കൂലി പുതുക്കാൻ കഴിയും. ഇപ്പോൾ റബ്ബറിനും ഏലത്തിനുമൊക്കെ സാമാന്യം ഭേദപ്പെട്ട വിലയുണ്ട്. റബ്ബറിനെ സംബന്ധിച്ചിടത്തോളം നല്ല വില കിട്ടുന്ന സാഹചര്യത്തിൽ രണ്ടോ മൂന്നോ ഇനങ്ങൾക്കെങ്കിലും നോട്ടിഫിക്കേഷൻ മെത്തേഡിലൂടെ കൂലി പുതുക്കി നിശ്ചയിക്കുന്നതിന് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നതാണ്. ഈ പ്രശ്നം ചർച്ച ചെയ്യുന്നതിന് ഈ മാസം 14-ാം തീയതി പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ യോഗം വിളിച്ചിട്ടുണ്ട്. ആ മീറ്റിംഗിലും ഒരു ധാരണയിലെത്താൻ കഴിഞ്ഞില്ലെങ്കിൽ ശക്തമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകും. വേണ്ടിവന്നാൽ ആവശ്യമായ നോട്ടിഫിക്കേഷനിലൂടെ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ജെ. ജോയി : തോട്ടം മേഖലയിൽ പ്രധാനമായും തേയിലയ്ക്കാണ് വില കുറഞ്ഞ സാഹചര്യം കാണുന്നത്. എല്ലാ മേഖലയിലും നാലിനങ്ങൾക്കും കൂലി നിശ്ചയിക്കാൻ ഗവൺമെന്റിന് കഴിയാത്ത സാഹചര്യമാണെങ്കിൽ ആന്ധ്രാപ്രദേശിലൊക്കെ ചെയ്തിട്ടുള്ളതുപോലെ ഡിഫൈൻഡ് വേജസ് നൽകണം. അത് ഒരു നോട്ടിഫിക്കേഷനിലൂടെ പ്രഖ്യാപിക്കാൻ പ്രയാസമുണ്ടാകില്ല. ഗവൺമെന്റ് ആ നിലയിൽ ചിന്തിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ : ഗവൺമെന്റ് എടുക്കുന്ന തീരുമാനം നടപ്പിലാക്കാൻ കഴിയണം. അങ്ങനെ ഏകപക്ഷീയമായ തീരുമാനമെടുത്ത് അത് നടപ്പിലാക്കാൻ കഴിയുന്നില്ലെങ്കിൽ അതുകൊണ്ട് തൊഴിലാളികൾക്കും പ്രയോജനമുണ്ടാകില്ല. അതുകൊണ്ടാണ് ഒരു സമവായത്തിന് പരമാവധി ശ്രമിക്കുന്നത്. അങ്ങനെ ഒരു സമവായത്തിന് തോട്ടം ഉടമകൾ തയ്യാറാകുന്നില്ലെങ്കിൽ തീർച്ചയായിട്ടും ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഏതെങ്കിലും പ്രത്യേക ഇനത്തിന് മാത്രമായിട്ടെങ്കിലും കൂലി നിശ്ചയിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് വളരെ പോസിറ്റീവായി ആലോചിക്കുന്നുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : ഞാൻ ഒരു സബ്മിഷൻ തന്നിരുന്നു.

മി. സ്പീക്കർ : അങ്ങയുടെ സബ്മിഷൻ സത്യത്തിൽ ഇന്നാണ് എന്റെ കയ്യിൽ കിട്ടിയത്. ഞാൻ മിനിസ്റ്ററെ കാണിച്ചു. മിനിസ്റ്റർ പറയുന്നത് മറുപടി കളക്ട് ചെയ്യാൻ സമയം വേണമെന്നാണ്.

V സബ്മിഷൻ

(1) പണ്ടാരം/പണ്ടാരൻ വിഭാഗങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ഒ. ബി. സി. ആനുകൂല്യങ്ങൾ

ശ്രീ. എം. മുരളി: കേരളത്തിലെ വീരശൈവ സമുദായത്തിൽപ്പെട്ടവർ ഭൂരിഭാഗവും പർപ്പടക നിർമ്മാണം ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിരിക്കുന്ന പണ്ടാരം വിഭാഗത്തിൽപ്പെട്ടവരാണ്. അവർ തിരുവിതാംകൂറിന്റെയും കൊച്ചിയുടേയും കാലത്ത് പട്ടികജാതിക്കാരായിരുന്നു, പിന്നീട് ഒ. ബി. സി. ആയി. 1996-ൽ മാത്തൂർ എന്ന സ്വകാര്യ വ്യക്തിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നോക്ക വിഭാഗ കമ്മീഷന്റെ തെറ്റായ ഒരു ശുപാർശ പ്രകാരം അവരെ ഒ. ബി. സി.-യിൽ നിന്ന് പുറത്താക്കിയിരിക്കുകയാണ്. അതിനെക്കുറിച്ച് സഭയിൽത്തന്നെ പരാതി വന്നു. വീരശൈവ മഹാ സഭ തന്നെ പരാതി ഉയർത്തി. അങ്ങനെ സർക്കാർ ഏജൻസിയായ കിർത്താഡ്സിനെ അവരുടെ പിന്നോക്കാവസ്ഥ പഠിക്കാൻ ചുമതലപ്പെടുത്തിയിരിക്കുകയാണ്. മൂന്ന് വർഷമായിട്ടും കിർത്താഡ്സിന്റെ പഠന റിപ്പോർട്ട് കിട്ടിയിട്ടില്ല. മുഖ്യമന്ത്രി ഇടപെട്ട് കിർത്താഡ്സിന്റെ പഠന റിപ്പോർട്ട് വരുത്തി ഒരു കാലത്ത് എസ്. സി. ആയിരുന്ന അവരെ ഒ. ബി. സി. പട്ടികയിലെങ്കിലും ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. അനീതി തിരുത്താൻ ഗവൺമെന്റ് മുന്നോട്ടുവരണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഒ. ബി. സി. യിൽപോലും ഉൾപ്പെടുത്തിയിട്ടില്ലാത്ത പണ്ടാരം/പണ്ടാരൻ സമുദായത്തെ ഒ. ബി. സി. പട്ടികയിൽ ഉൾപ്പെടുത്തണമെന്ന സമുദായ സംഘടനയുടെ ആവശ്യം കിർത്താഡ്സ് ചരിത്രപരമായ രേഖകൾ പരിശോധിച്ച് പഠന വിഷയമാക്കിയിട്ടുണ്ട്. കേരളത്തിലെ വിവിധ ജില്ലകളിൽ താമസിക്കുന്ന സമുദായ അംഗങ്ങളെ നേരിൽ സന്ദർശിച്ച് തെളിവെടുപ്പ് നടത്താനുള്ള തീരുമാനവുമുണ്ട്. കിർത്താഡ്സിന്റെ റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly